(സി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിടവ്യവസായങ്ങൾ നടത്തുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വകുപ്പിനുണ്ട്. പ്രസ്തുത പദ്ധതികളുടെ സാധ്യതകൾ ബീഡി നിർമ്മാണ മേഖലയിൽ ജോലി നോക്കിയിരുന്നവർക്ക് പ്രയോജനപെടുത്താവുന്നതാണ്.

(ഡി) ബീഡി ഇല മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. ബീഡി ഇല കേരളത്തിൽ എത്തിക്കുന്നതിന് ഗണ്യമായ ട്രാൻസ്പോർട്ട് ചാർജ്ജ് കൊടുക്കുന്നതിനാൽ ഉല്പാദനച്ചെലവ് കൂടുകയാണ് ചെയ്യുന്നത്. മറ്റു രാജ്യങ്ങളിൽനിന്നും ഇവ ഇറക്കുമതി ചെയ്യുന്നില്ല.

കെ. എസ്. ആർ. ടി. സി.-യുടെ ബസ്സുകളിൽ ഓവർലോഡായി യാത്ര ചെയ്യുന്ന നടപടി

*19 [919] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ ബസ്സുകളിൽ ഓവർലോഡായി യാത്രക്കാരെ കുത്തിനിറച്ച് യാത്ര ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ഷൻ കൂട്ടുന്നതിനുവേണ്ടി ബസ്സുകളിൽ പരമാവധി ആളുകളെ കയറ്റുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിൽനിന്നോ കെ. എസ്. ആർ. ടി. സി.-യിൽ നിന്നോ നൽകിയിട്ടുണ്ടോ;

(സി) ബസ്സുകളിൽ ഓവർലോഡ് കയറ്റി അപകടം ഉണ്ടാകുന്ന സ്ഥിതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) തിരക്കേറിയ സമയങ്ങളിൽ അനുവദനീയമായ പാസഞ്ചർ കപ്പാസിറ്റിക്ക് അധികമായി യാത്രക്കാർ കയറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി പരമാവധി ആളുകളെ കയറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ അപകടകരമായ രീതിയിൽ ഓവർലോഡ് കയറ്റാൻ ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുവാൻ നടപടി

*20 [920] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തയ്യൽ/തുന്നൽ അനുബന്ധ മേഖലകളിൽ എത്ര പേർ പണിയെടുക്കുന്നുവെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളാണെന്ന് അറിയിക്കുമോ;

(സി) ഈ മേഖലയിലെ ബഹുഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധി അംഗത്വത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ കാരണമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) നിലവിൽ ഈ ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) കൂടുതൽ തൊഴിലാളികളെ ക്ഷേമനിധിയിലേക്ക് ആകർഷിക്കാൻ പുതിയ ക്ഷേമപദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) തയ്യൽ/തുന്നൽ മേഖലയിലെ തൊഴിലാളികൾക്ക് പലിശരഹിത വായ്പയും ഭവന നിർമ്മാണ വായ്പയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) തയ്യൽ/തുന്നൽ അനുബന്ധമേഖലകളിൽ സംസ്ഥാനത്തൊട്ടാകെ ഏകദേശം നാലര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

(ബി) തയ്യൽതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ 252,800 പേർ അംഗങ്ങളായിട്ടുണ്ട്.

(സി) കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധിബോർഡിന് ഓഫീസുകൾ നിലവിലില്ലാത്ത ജില്ലകളിലെ തയ്യൽതൊഴിലാളികൾക്ക് അന്യജില്ലയിലെ ഓഫീസിലെത്തി അംശദായമടയ്ക്കുന്നതിനായി വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നതിനാലാണ് ഇവർ ക്ഷേമനിധി അംഗത്വം നേടുന്നതിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ നിർബന്ധിതരാകുന്നത് എന്നു വേണം കരുതാൻ.

(ഡി) കുടുംബപെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, റിട്ടയർമെന്റ് പെൻഷൻ, റിട്ടയർമെന്റ് ബെനിഫിറ്റ്, വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, സ്കോളർഷിപ്പ്/ക്യാഷ് അവാർഡ് (അംഗങ്ങളുടെ മക്കൾക്ക്) തുടങ്ങിയവയാണ് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ.

(ഇ) ക്ഷേമനിധിയിലെ അംഗങ്ങൾക്ക് മാരകമായ രോഗങ്ങൾ വരുമ്പോൾ ചികിത്സയ്ക്ക് വേണ്ടിയുള്ള ഒരു ധനസഹായ പദ്ധതി പരിശോധിച്ചുവരുന്നു.

(എഫ്) ഇതു സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly